**E 8235** (Pages : 2) Reg. No..................................

Name......................................

# B.A. (MODEL II) DEGREE (CBCS) EXAMINATION
## JANUARY/FEBRUARY 2018

**First Semester**

Additional Language—Malayalam

## കഥ, നോവൽ

(2017 Admissions)

Time : Three Hours Maximum Marks : 80

**പാർട്ട് എ**

**അരപ്പുറത്തിൽ കവിയാതെ പത്ത്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :

1. "ഓൾ മാനീസ് ക്വയറ്റ് ക്രേസീ ദീസ് ഡേയ്സ് "—സാഹചര്യം വ്യക്തമാക്കുക.
2. "ഉണിച്ചിരേ, അതിനെ അവിടുന്ന് മാറ്റി നിർത്താൻ മിനക്കെടണ്ട. അതു നിനക്കു ദോഷം ചെയ്യും" —ദോഷം എന്ത് ?
3. "വിലപിക്കുന്നത് മനുഷ്യരാണ്, മനുഷ്യസ്നേഹമുണ്ടെന്നു പറയുന്ന മനുഷ്യർ"—ഈ വാക്യത്തിൻെറ പൊരുളെന്ത് ?
4. "സ്ത്രീധന വേർപാടിനെ ഞാൻ കഠിനമായി വെറുക്കുന്നു"—ആരുടെ വാക്കുകൾ ? വിശദമാക്കുക.
5. കാലമല്ലാതെ കാലത്തിനെന്താ ആകാൻ പറ്റണത് ? ആരുടെ സംശയം ? സന്ദർഭം എന്ത് ?
6. "ഇനിയും കാണാനൊക്കുമെന്ന് ഞാൻ തീരെ വിചാരിച്ചതല്ല. പണ്ടും ഞാൻ പറയാറില്ലേ മുജ്ജന്മ ബന്ധമെന്ന്, അതുതന്നെ"—സന്ദർഭം എന്ത് ?
7. "ഒരു പ്രേമവല്ലരി പുഷ്പിക്കാൻ കൃത്യമാത്രകളിൽ എന്തൊക്കെ വളവും വെള്ളവും ചേർക്കണോ, അതിനൊക്കെ ഞാൻ തയ്യാർ"—ആര് ? സന്ദർഭം എന്ത് ?
8. "വീടുവച്ചു കഴിയുമ്പോഴാണ് ഒരുവൻ എങ്ങനെ വീടു വയ്ക്കരുതെന്ന് പഠിക്കുക"—കഥയിൽ ഈ സൂചനയുടെ പ്രസക്തി എന്ത് ?
9. "ഇതുവരത്തെ കണക്കൊക്കെ നിനക്കോർമ്മയുണ്ടല്ലോ ? ഇത് നെനക്കു വേണ്ടീറ്റുള്ള എൻെറ അവസാനത്തെ ചെലവായിരിക്കും"—ആരുടെ വാക്കുകൾ ? ഇപ്രകാരം പറയുന്നതെന്തുകൊണ്ട് ?
10. "ഡോക്ടർ മുംതാസ് ബീഗത്തിനറിയാത്ത നൂറുനൂറു പരുക്കൻ പ്രശ്നങ്ങൾ ജൈവ നനവുകൾക്കെതിരെ അയാൾക്കകത്തും ഭീഷണിയുയർത്തുന്നു"—ഇവിടുത്തെ ആത്മസംഘർഷം എന്ത് ?

Turn over

11. "ജവഹർലാൽ നെഹ്റുവിന്റെ പടം കാണുമ്പോഴെല്ലാം ഞങ്ങൾ പാപ്പച്ചിയെക്കുറിച്ചോർക്കുന്നു" —സന്ദർഭം വ്യക്തമാക്കുക.

12. "ഒന്നും ഓർക്കേണ്ടതില്ലെന്ന് അയാൾ തീരുമാനിച്ചു. അടുത്ത നിമിഷത്തിൽ ഓർത്തു തുടങ്ങുകയും ചെയ്തു"—ആര് ? ഓർമ്മകൾ എന്തെല്ലാം ?

(10 × 2 = 20)

## പാർട്ട് ബി

ഒന്നരപ്പുറത്തിൽ കവിയാതെ ആറു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :

13. 'ഒത്തു തീർപ്പുകൾ' എന്ന പേര് ആ കഥയ്ക്ക് എത്രമാത്രം ഇണങ്ങുന്നതാണ് ? വിശദീകരിക്കുക.

14. 'മസ്ക്രീനാസിന്റെ മരണം' ആധുനിക ചെറുകഥയുടെ സ്വഭാവം വെളിവാക്കുന്നു—നിരൂപിക്കുക.

15. പുറമേയ്ക്ക് പാരുഷ്യമെങ്കിലും ഉള്ളിലാകെ തുളുമ്പി നില്ക്കുന്ന സ്നേഹവിശുദ്ധിയാണ് മക്കൾ എന്ന കഥയുടെ സവിശേഷത—വിശദമാക്കുക.

16. 'പ്രേമലേഖന'ത്തിന്റെ ഭാഷ പ്രണയാർദ്രമാകുന്നതെങ്ങനെ ? വിശദീകരിക്കുക.

17. ആൺമീനുകളും ആൺപച്ചക്കറികളും ആൺധാന്യങ്ങളും ആൺപഴങ്ങളും മാത്രം തിന്നാനാണോ ഫെമിനിസ്റ്റുകൾ ഉണ്ടാകുന്നത് ? ഈ ചോദ്യത്തിന്റെ ഹേതുവെന്ത് ? വിവരിക്കുക.

18. ഭൂത ഭാവി വർത്തമാനങ്ങളില്ലാത്ത സമയത്തിന്റെ സീറോ അവസ്ഥ"—ഈ സൂചന എം.ടി.പി. എന്ന കഥയിൽ ചെലുത്തുന്ന സ്വാധീനം വിശദമാക്കുക.

19. 'സാറാമ്മ' കഥാപാത്ര നിരൂപണം ചെയ്യുക.

20. 'യുദ്ധാനന്തര വംശങ്ങൾ' ഉത്തരാധുനിക ചെറുകഥയ്ക്ക് ഉദാഹരണമാണോ ? ചർച്ച ചെയ്യുക.

21. വി.ജെ. ജയിംസ് കഥയിലൂടെ അവതരിപ്പിക്കുന്ന പ്രണയദർശനം വ്യക്തമാക്കുക.

(6 × 5 = 30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

22. എഴുത്തിനെ അനുഭവമാക്കി മാറ്റുന്ന കല സി.വി. ബാലകൃഷ്ണന്ന് നന്നേ വഴങ്ങുന്നതാണ്—മക്കൾ എന്ന കഥയെ ആസ്പദമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

23. 'മസ്ക്രീനാസിന്റെ മരണം'—ഒരു സ്ത്രീപക്ഷ കഥയോ ? നിരൂപണം ചെയ്യുക.

24. ഒരു ചെറുകഥയുടെ കയ്യടക്കം പാലിക്കുന്ന നോവലാണ് പ്രേമലേഖനം—ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ബഷീറിന്റെ സർഗ്ഗവൈഭവം വിലയിരുത്തുക.

25. ജീവിതായോധനത്തിൽ നിഴലുകൾ ജയിക്കുകയും മനുഷ്യൻ തോൽക്കുകയും ചെയ്യുന്നതിന്റെ അന്തഃസംഘർഷം വൈശാഖൻ അവതരിപ്പിക്കുന്നതെങ്ങനെ ? വിശദമാക്കുക.

(2 × 15 = 15)